PROCEEDINGS OF THE
KERALA LEGISLATIVE ASSEMBLY

Second Session (Second Meeting)—1969

Friday, the 17th October 1969.

Vol. XXV. **OFFICIAL REPORT** **No. 27**

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 17th October 1969, with Mr. Deputy Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the sessions.)

ORAL ANSWERS

Mr. Deputy Speaker: Order, Order, Questions and Answers—Question No. 1055.

മരച്ചീനി കയറ്റുമതി

* 306 [1055] ശ്രീ. എൻ. വാസുദേവൻ പിള്ള,
,, ആർ. കൃഷ്ണൻ (പാലക്കാട്),
,, എം. സദാശിവൻ,
,, ടി. എം. മീതിയൻ,
,, വി. വി. ദക്ഷിണാമൂർത്തി,
,, ഈ. ബാലാനന്ദൻ
,, വി. എസ്. അച്യുതാനന്ദൻ,
,, ടി. കെ. കൃഷ്ണൻ,
,, എ. എസ്. എൻ. നമ്പീശൻ,
,, കെ. ഐ. രാജൻ,
,, എ. വി. ആര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരച്ചീനി കയറ്റി അയയ്ക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മരച്ചീനിമാവ് ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന അനേകായിരം തൊഴിലാളികൾക്ക് തന്മൂലം തൊഴിലില്ലാതായിട്ടുണ്ടെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

2/1631/G

LIBRARY ARCHIVES Kerala Legislative Assembly

(സി) നമ്മുടെ നാട്ടിലെ ക്ഷേത്രനിലമെച്ചപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ നിയന്ത്രണം എടുത്തുകളയുന്നതിനു് ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ):

(എ) മരിച്ചീനി കയറുമതി ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറു് ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്. ഓരോ ഡിസ്ട്രിക്ടിലും ആഹാരാവശ്യത്തിനു് മരിച്ചീനിയുണ്ടെന്നും മരച്ചീനിയുടെവില ക്രമാതീതമായി ഉയരുകയില്ലെന്നും കളക്ടർമാർക്കു് ബോദ്ധ്യമായാൽ മരച്ചീനി കയറുമതിക്കുള്ള എക്സ്പോർട്ടു് പെർമിറ്റു് നൽകുന്നതാണു്. കളക്ടർമാരുടെ എക്സ്പോർട്ടു് പെർമിറ്റും കളക്ടർമാർ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ നൽകിയ മൂവ്മെൻറു് പെർമിറ്റും ഉണ്ടെങ്കിൽ എല്ലായ്പോഴും മരിച്ചീനി കയറ്റി അയക്കാവുന്നതാണു്. മരച്ചീനി കയറ്റി അയക്കുന്നതിനു് മരച്ചീനി കൃഷിക്കാർക്കും മരച്ചീനി ഉല്പന്നങ്ങൾക്കും ഉല്പാദിപ്പിക്കുന്ന വർക്കും ആവശ്യാനുസരണം പെർമിറ്റു് നൽകിവരുന്നുണ്ടു്.

(ബി) മരച്ചീനി ഉപയോഗിച്ചുള്ള വ്യവസായം കേരളത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും, തന്മൂലം തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും ഉതകുന്നതരത്തിൽ മരച്ചീനിയുടെ ഫാക്ടറി ഉല്പന്നങ്ങൾക്കെല്ലാംതന്നെ അഡ്മിനിസ്ട്രേറ്റീവു് സർചാർജിൽ ഗണ്യമായ കുറവു് വരുത്തിയിട്ടുണ്ടു്. കൂടാതെ മരച്ചീനിയിൽ നിന്നും ഉണ്ടാക്കുന്ന ഉല്പന്നങ്ങളായ ഡക്സ്ട്രീൻ, ഗ്ലൂക്കോസ് എന്നിവയ്ക്കു് അഡ്മിനിസ്ട്രേറ്റീവു് സർചാർജ് ഈടാക്കുന്നില്ല. മരച്ചീനി ഉല്പന്നങ്ങളായ സ്റ്റാർച്ചും ഫ്ളവറും മറ്റുല്പന്നങ്ങളും മൂവ്മെൻറു് പെർമിറ്റിൻെറ പരിധിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടു്. ഈ പരിതഃസ്ഥിതിയിൽ നിലവിലുള്ള നിയന്ത്രണങ്ങൾമൂലം തൊഴിലാളികൾക്കു് തൊഴിലില്ലാതാകുന്നു എന്നു കരുതാവുന്നതല്ല.

(സി) മരച്ചീനിയുടെമേൽ ഗവണ്മെൻറു് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതു് സംസ്ഥാനത്തെ ക്ഷേത്രനിലയിൽ കോട്ടം വരാതിരിക്കുന്നതിനു വേണ്ടിയാണു്. അതുകൊണ്ടു് ഉണക്കക്കപ്പയുടെ കയറുമതി നിരോധിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോൾ ക്ഷേത്രനിലമെച്ചമായതിനാലും മരച്ചീനിയുടെ വിലയിടിവും പരിഗണിച്ചു നിയന്ത്രണങ്ങളിൽ കൂടുതൽ അയവു് വരുത്തുക എന്ന ഉദ്ദേശത്തോടുകൂടി ഒരുപരീക്ഷണമെന്ന നിലയിൽ തിരുവനന്തപുരം, പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ എന്നീ ജില്ലകളിൽനിന്നും ഉണക്കക്കപ്പ കയറുമതി ചെയ്യുന്നതിനു് അപേക്ഷകരുണ്ടെങ്കിൽ അതു് കയറ്റി അയയ്ക്കുന്നതിനു് പെർമിറ്റു് നൽകാൻ അതാതു ജില്ലാ കളക്ടർമാർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്. ഈ പരിതഃസ്ഥിതിയിൽ ഇപ്പോഴുള്ള നിയന്ത്രണം എടുത്തുകളയാൻ ഗവണ്മെൻറിനു് ഉദ്ദേശമില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): പെർമിറ്റുകളും വാങ്ങിക്കൊണ്ടു് അതു് കൂടുതൽ വിലക്കു് വിറ്റുവരുന്ന സംപ്രദായം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു തടയുന്നതിനുവേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പെർമിറ്റു് ഒരുപയോഗപ്പെടുത്തുന്നതായിട്ടുള്ള വിവരം അപ്പോഴപ്പോൾ അതാതു സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാരെ അറിയിച്ചാൽ നിവാരണം ഉണ്ടാക്കുന്നതാണു്. ഗവണ്മെൻറിനെ അറിയിച്ചാൽ സത്വരമായ നടപടികളും സ്വീകരിക്കുന്നതാണു്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): ഇവിടെ ഒരു സ്റ്റാർച്ചു് ഫാക്ടറി ആരംഭിക്കുവാൻ ആലോചന നടത്തിയിട്ടുണ്ടെന്നു കേട്ടു. അതേ സംബന്ധിച്ചു് വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സ്റ്റാർച്ചു് ഫാക്ടറി തുടങ്ങുന്നതിനെ സംബന്ധിച്ചുള്ള വിവരം ഇപ്പോൾ എൻെറ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. മീതിയൻ: മരച്ചീനിയുടെ വില ദൈനംദിനം കുറഞ്ഞുവരുന്നതിന്റെ ഫലമായി കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ടെന്നുള്ളതിനെ പരിഗണിച്ച് മരിച്ചീനി കയറ്റി അയയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള നിയന്ത്രണം പരിശോധനാർത്ഥം എല്ലാ ഡിസ്ട്രിക്റ്റിലും എടുത്തുകളയാൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഏതെങ്കിലും ഡിസ്ട്രിക്റ്റിൽ മരിച്ചീനി കയറ്റിഅയയ്ക്കുന്നതിന് പെർമിറ്റ് കിട്ടണമെന്നും ആവശ്യപ്പെട്ടിട്ട് കിട്ടാതിരിക്കുന്നതായിട്ട് വിവരമില്ല. പെർമിറ്റ് ആവശ്യമുള്ളവർക്ക് അത് എത്രയുംവേഗം കൊടുക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. എം. മീതിയൻ: കൃഷിക്കാരെ സംബന്ധിച്ചിടത്തോളം എല്ലാ ഡിസ്ട്രിക്റ്റിലും പെർമിറ്റുകൂടാതെ നേരിട്ട് മരച്ചീനി കയറ്റി അയക്കുന്നതിനുള്ള അനുവാദം നൽകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഏതു ജില്ലയിൽനിന്നും മരച്ചീനി കയറ്റി അയയ്ക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: മരച്ചീനിയുടെ വില കുറവായിരിക്കുന്നതുകൊണ്ട് കൃഷിക്കാർക്ക് നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതു പരിഗണിച്ച് മരച്ചീനിക്ക് ഒരു ശരിയായ വില അവർക്ക് നഷ്ടം വരാത്തരീതിയിൽ നിശ്ചയിച്ചു കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: വില നിശ്ചയിച്ചാൽ ആ വില പ്രായോഗികമാക്കാൻ പ്രയാസമുണ്ടാകും. ആളുകളുടെ മരച്ചീനിയുടെ ഉപയോഗത്തിന്റെ ആവശ്യമനുസരിച്ചാണ് ഇതിന്റെ വില കൂട്ടുകയും കുറയുകയും ചെയ്യുന്നത്.

ശ്രീ. കെ. ഐ. രാജൻ: ഹൈറേഞ്ച് പ്രദേശത്തു മരച്ചീനിക്ക് വിലയില്ലാതിരിക്കുന്ന സാഹചര്യത്തിൽ അവിടെനിന്നും തമിഴ്നാട്ടിലേക്ക് കയറ്റി അയക്കണമെന്നും കൃഷിക്കാർക്ക് ആഗ്രഹമുണ്ട്. അതിനും സംസ്ഥാനഗവണ്മെന്റ് ലൈസൻസ് കൊടുക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എവിടെ വേണമെങ്കിലും, കൃഷിക്കാരുടെ കയ്യിൽ മരച്ചീനി സ്റ്റാക്കുണ്ടെന്നും അതു കയറ്റി അയക്കുന്നതിനു പെർമിറ്റ് വേണമെന്നും ആവശ്യപ്പെട്ട് എന്നെ അറിയിക്കുകയാണെങ്കിൽ, ആ മിനിട്ടിൽ അതിനാവശ്യമായ ഉത്തരവു നൽകുന്നതാണ്. കീഴ് ഉദ്യോഗസ്ഥന്മാർ പെർമിറ്റ് കൊടുക്കുന്നതിനു കാലതാമസം വരുത്തുകയാണെങ്കിൽ അതിനു അവരോട് സമാധാനം ചോദിക്കുന്നതുമാണ്.

ശ്രീ. കെ. എം. മാണി: നമ്മുടെ സംസ്ഥാനത്തിനു വെളിയിൽ നല്ല വിപണി കണ്ടുപിടിക്കാൻ പറ്റാത്തതിന്റെ ഫലമായിട്ടാണ് മരച്ചീനിക്ക് വില കുറഞ്ഞിരിക്കുന്നത്. അതുകൊണ്ട് പെർമിറ്റ് വാങ്ങിയതിനുശേഷം പുറത്തേക്ക് കയറ്റി അയക്കുന്നതിനു പ്രയാസമുള്ളതുകൊണ്ട് പെർമിറ്റ് വ്യവസ്ഥ എത്രയുംവേഗം റദ്ദ് ചെയ്യുകയും മരച്ചീനിയുടെ സ്വതന്ത്രമായ വ്യാപാരം പുനഃസ്ഥാപിക്കുകയും ചെയ്യുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഒന്നാമതുപറഞ്ഞ കാര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു നിയന്ത്രണവുമില്ലാതെ പോകാൻ പറ്റാത്ത നിലയാണ് ഇന്നുള്ളതു്. നിയന്ത്രണംവേണം. ഇന്നുള്ള നിയന്ത്രണം ഒരു തടസ്സമായിത്തീരുന്നില്ല. കൂടുതൽ സ്ഥലങ്ങളിൽ വിപുലമായ രീതിയിൽ മരിച്ചീനി വിൽക്കുന്നതിനുവേണ്ടി മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിനുള്ള കാര്യത്തെപ്പറ്റി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: മരിച്ചീനി നമ്മുടെ സംസ്ഥാനത്തിനുവെളിയിൽ കൊണ്ടുപോയി സ്റ്റാർച്ച് തുടങ്ങിയ സാധനങ്ങൾ ഉല്പാദിപ്പിച്ച് വിൽക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. അതിനുപകരം നമ്മുടെ സ്റ്റേറ്റിൽത്തന്നെ ഇത്രയും സൗകര്യമായ റാ മെറ്റീരിയൽസ്, ഉള്ളസ്ഥിതിക്ക് ഇവിടെ ഫാക്ടറികൾ തുടങ്ങുന്നതിനുവേണ്ട വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സ്റ്റാർച്ച് ഫാക്ടറിയും ഗ്ലൂക്കോസ് ഫാക്ടറിയും ഇവിടെയുണ്ട്. മരിച്ചീനിമാവിനു മുൻപ് ഈടാക്കിയിരുന്ന അഡ്മിനിസ്ട്രേറ്റീവ് സർചാർജ്ജ് ഒരു ക്വിന്റലിന് 50 പൈസയായിരുന്നത് 50 പൈസയായും സ്റ്റാർച്ചിനുള്ള അഡ്മിനിസ്ട്രേറ്റീവ് സർചാർജ് 2 രൂപയായിരുന്നത് 75 പൈസയായും കുറവ് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഗവണ്മെന്റ് ലവലിൽ വല്ല ഫാക്ടറിയും തുടങ്ങാൻ ആലോചനയുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോഴും ആലോചിച്ചിട്ടില്ല.

ശ്രീ. എം. എം. തോമസ്: മരിച്ചീനി കയറ്റുമതിചെയ്യാൻ അനുവാദം കൊടുക്കുന്നതു കൃഷിക്കാരുടെ കയ്യിൽനിന്നും കച്ചവടക്കാരുടെ കയ്യിൽ കിട്ടുന്ന ഘട്ടത്തിലാണ്. അതു മാറ്റി ഏതുസ്ഥലത്തും മരച്ചീനി ഉല്പാദിപ്പിക്കപ്പെടുന്ന സ്ഥലത്തുനിന്നുതന്നെ കയറ്റുമതി ചെയ്യുന്നതിനും അനുവാദം കിട്ടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മരിച്ചീനി പറിക്കുന്ന അവസരത്തിൽ ഇവിടത്തെ ഭക്ഷ്യത്തിനാവശ്യമുള്ളതു കരുതിയിട്ട് ബാക്കിയുള്ളതിനും എത്രവേണമെങ്കിലും കയറ്റി അയയ്ക്കുന്നതിനും പെർമിറ്റ് കൊടുക്കാം. അതിനും എത്ര പേക്ക് വേണമെങ്കിലും പെർമിറ്റ് കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാണ്.

ശ്രീ. പി. രവീന്ദ്രൻ:—നമ്മുടെ സംസ്ഥാനത്തു പ്രതിവർഷം ഉദ്ദേശം എത്ര ടൺ മരച്ചീനി ഉൽപ്പാദിക്കപ്പെടുന്നുണ്ടെന്നും, അതിൽ ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനും എത്രമാത്രം വേണ്ടിവരുമെന്നുമുള്ള കണക്കുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മരച്ചീനികൃഷി മുൻകാലങ്ങളെ അപേക്ഷിച്ച് തമിഴ്നാട്ടിൽ വളരെയധികം വർദ്ധിച്ചിട്ടുണ്ട്, നമ്മുടെ സംസ്ഥാനത്തു മലബാർ ഭാഗത്തു മുമ്പത്തെക്കാളും മരച്ചീനികൃഷി വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മരച്ചീനി പറിക്കേണ്ട ഘട്ടം വരുന്നതിനു മുമ്പുതന്നെ ഗവണ്മെന്റ് ലവലിൽ ഏതെങ്കിലും വിദഗ്ദ്ധ ഉദ്യോഗസ്ഥന്മാരെ കൊണ്ട് സർവ്വേ നടത്തി ലൈസൻസുകൊടുത്താൽ കൃഷിക്കാർക്കു അല്ലെങ്കിൽ കച്ചവടക്കാർക്ക് ലൈസൻസിനു വേണ്ടി നടക്കാതിരിക്കാൻ കഴിയും. അങ്ങനെ വരുകയാണെങ്കിൽ കൂടുതൽ വില കിട്ടുകയും ചെയ്യും. അതിനുവേണ്ടി ഗവണ്മെന്റ് ഈ നിലയിൽ എന്തെങ്കിലും ചെയ്യുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കൃഷിക്കാർക്ക് മരച്ചീനിയുടെ വില കൂടുതലായി കിട്ടുന്നതരത്തിൽ എന്തെല്ലാം ചെയ്യാമെന്നു ആലോചിക്കാം. അതിനുവേണ്ട നടപടികളും എടുക്കുകയും ചെയ്യാം.

ശ്രീ. പി. പി. ജോർജ്ജ്: നമ്മുടെ സ്റ്റേറ്റിൽ നിന്നും എവിടേയ്ക്കെല്ലാമാണ് മരച്ചീനി കയറ്റി അയക്കുന്നതു?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ബോംബേയിലേക്കും, സേലത്തേക്കും പോകുന്നുണ്ട്. അയൽ സ്റ്റേറ്റുകളിലേക്ക് കയറ്റി പോകുന്നുണ്ട്. വെളിയിലേക്ക് പോകുന്നുണ്ടോ എന്നറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: നിലവിലുള്ള നിയന്ത്രണംകൊണ്ട് കരി ഉത്പന്നക്കാക്കും കൊള്ളലാഭക്കാക്കും മാത്രമേ ലാഭം ഉണ്ടാകുകയുള്ളൂ. എന്നതു കൊണ്ടും പെർമിറ്റു കൊടുക്കുന്ന സംപ്രദായം കുറെ ആളുകൾക്ക് കാശുണ്ടാക്കാൻ വേണ്ടി യാണെന്നുള്ള ധാരണ നിലവിലുള്ളതുകൊണ്ടും ഈ ഒരു സംപ്രദായം തന്നെ പൂർണ്ണ മായി നിർത്തൽ ചെയ്യുന്നതിനും കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന തിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കൃഷിക്കാർക്ക് ഉല്പാദക സഹകരണ സംഘ ങ്ങൾ ഉണ്ടാക്കി ആ സഹകരണസംഘങ്ങൾ മുഖേന വിൽക്കാം. ആക്കുവേണ മെങ്കിലും പെർമിറ്റു കൊടുക്കാൻ തയ്യാറാണ്.

ശ്രീ.ഒ. കോരൻ: ഇന്ന് കർഷകർക്ക് അനുഭവപ്പെടുന്ന ഏറ്റവും പ്രധാനമായി ട്ടുള്ള വിഷമത രണ്ടുവിധത്തിലുള്ള ലൈസൻസ്സ് സമ്പ്രദായമാണ്. കൃഷിക്കാക്ക് ഇത്ര ടൺ ഉണ്ടെങ്കിൽ മാത്രമേ ലൈസൻസ്സ് കൊടുക്കുകയുള്ളൂ. കച്ചവടക്കാക്ക് എത്ര വേണമെങ്കിലും കൊടുക്കും. ഇതിന്റെ അടിസ്ഥാനത്തിൽ കർഷകക്ക് യഥാർത്ഥ വില കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ട്. അതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇന്നത്തെ നിലയിൽ മരച്ചീനിക്കു മാത്രമല്ല കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കുമിക്കതിനും ഇടത്തട്ടുകാരും കച്ചവട ക്കാരും അതിനുമീതേ ബാങ്കും എല്ലാം കൊള്ളലാഭം എടുക്കുന്നുണ്ട്. ഇതിൽ ഈ ഒറ റ ഇനത്തിനുമാത്രമായിട്ടു നിയന്ത്രിക്കാൻ ഈ സ്റ്റേറ്റു ഗവണ്മെൻറിനു സാധിക്കുകയില്ല.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ഏറ്റവും മുട്ടുതൽ കപ്പ ഉൽപ്പാദി പ്പിക്കുന്ന കൊല്ലംജില്ലയിലെ കൃഷിക്കാർക്ക് അതു കയറുമതി ചെയ്യുവാനാണെങ്കിൽ തിരു വനന്തപുരം ജില്ലയിലെ കച്ചവടക്കാരെ സമീപിച്ചാൽ മാത്രമേ ഒക്കുകയുള്ളൂ. എന്നുള്ള ദുരവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലയിൽ കയറുമതിക്കുള്ള പെർ മിറ്റു നൽകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതിനെപ്പറ്റി ഞാൻ പറഞ്ഞു കഴിഞ്ഞതാണ് അവിടെയും പെർമിറ്റു കൊടുക്കും.

ശ്രീ. പി. കെ. രാഘവൻ: മരച്ചീനിവില കുറയുന്നതിന്റെ അടിസ്ഥാനത്തി ലാണ് പെർമിറ്റിന്റെ കാര്യം വരുന്നതു്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തു് ഒരു ടൺ മരച്ചീനിക്ക് എത്ര രൂപയാണു വില. കൃഷിക്കാക്ക് ന്യായമായ വില എത്ര രൂപ കിട്ടിയാൽ സഹായകരമായിരിക്കും.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ ഇപ്പോഴത്തെ മാർക്കറ്റുവില എന്താണെന്നു റിവില്ല. അരി 6 ഔൺസ്സ് കൊടുക്കുന്ന കാലത്തു് മരച്ചീനി അധികമാരും ഭക്ഷി ക്കാറില്ല.

ശ്രീ. എൻ. கணபதி : സർ, தமிழ்நாட்டிலுள்ள கோயம்பூத்தூர் மாவட் டத்தில் அமராவதியிலுள்ள ஸ்டார்ச், குழுக்கோஸ் பாக்டரிக்கு ஹைரேஞ்ச பகுதியிலிருந்து மரச்சீனி அனுப்பப்பட்டு வந்தது. தற்போது ஏற்றுமதி செய்யப்படவில்லை. மலைப்பிரதேசத்தில் விலையும் குறைந்தது மீண்டும் ஏற்றுமதி செய்ய பர்மிட் கொடுக்கப்படுமா ?

ஶ்ரீ. இ. கெ. இம்பீச்சி பாவா : அந்த பாக்டரிக்கு ஏற்றுமதி செய்ய பர்மிட் கொடுக்கும்.

ശ്രീ. എ. വി. ആര്യൻ: ഗവണ്മെന്റു പണം ചെലവുചെയ്തിട്ട് മരച്ചീനി കൊണ്ട് സാഗോ ഉണ്ടാക്കാനുള്ള എത്ര ഫാക്ടറികളാണ് കേരളത്തിലുണ്ട്. അതിൽ ഏതെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ? മുടങ്ങിക്കിടക്കുന്നതു് ഏതാണെന്നു പറയാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പെട്ടെന്നു പറയാൻ ഒക്കുകയില്ല.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂർ ഡിസ്ട്രിക്ടിൽ പാണഞ്ചേരി എന്ന സ്ഥലത്തു് ഗവണ്മെന്റു് പണം ചെലവു ചെയ്തു് നടത്തുന്ന മരച്ചീനി സാഗോ ഫാക്ടറി വളരെക്കാലമായിട്ട് പ്രവർത്തിക്കാതെ കിടക്കുകയാണോ? അതു പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും നടപടികളെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നു് അന്വേഷിക്കാം.

ശ്രീ. എസ്. ദാമോദരൻ: മരച്ചീനി കയറുമതിയുടെ നിയന്ത്രണത്തിൽ വേണ്ടത്ര അയവു വരുത്താമെന്നു പറഞ്ഞു. ഇപ്രകാരം അയവു വരുത്തുമ്പോൾ ക്ഷീരകാർഷകത്തിനു വേണ്ടി മരച്ചീനി ലഭിക്കുന്നതിനു് പ്രയാസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതു ശ്രദ്ധിച്ചതുകൊണ്ടാണു് പാലക്കാടു്, തിരുവനന്തപുരം ഇവിടെയൊക്കെ കൊടുക്കാൻ പറഞ്ഞതും ദാമോദരന്റെ പ്രദേശത്തു് ആലപ്പുഴ ജില്ല ഒഴിവാക്കിയതും.

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ എക്സ്പോർട്ടു ചെയ്യുന്നതിനു് അനുവാദം കൊടുത്തു എന്നു പറഞ്ഞു. ഇൻഡ്യക്കു വെളിയിൽ എത്ര പേർക്കു കൊടുത്തു എന്നു പറയാമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: പട്ടിക ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്തെ ആളുകൾക്കു് ക്ഷണാവശ്യത്തിനു് മരച്ചീനി കിട്ടുന്നതു്. കൊല്ലം ജില്ല, കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നാണെന്നുള്ളതുകൊണ്ടു് അവിടെനിന്നു് അന്യസംസ്ഥാനങ്ങളിലേക്കു് മരച്ചീനി കയറ്റി അയക്കാൻ അനിയന്ത്രിതമായി പെർമിറ്റു കൊടുത്താൽ കുറഞ്ഞവിലക്കു് മരച്ചീനി കിട്ടാൻ സാദ്ധ്യമല്ലാത്തസ്ഥിതി വിശേഷം വരുമെന്നുള്ള സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അതെല്ലാം മനസ്സിലാക്കിക്കൊണ്ടാണു് പെർമിറ്റു സിസ്റ്റം ആകപ്പാടെ മാറ്റിക്കളയാത്തതു്. അല്പം നിയന്ത്രിക്കാനുള്ള അധികാരം ഗവണ്മെന്റു കൈയിൽ വച്ചിരിക്കുന്നതും.

ശ്രീ. പി. അഹമ്മദ്: മരച്ചീനികൊണ്ടു് സേമ്യ തുടങ്ങിയപദാർത്ഥങ്ങൾ ഉൽപ്പാദിക്കപ്പെടുന്ന പല ഫാക്ടറികൾക്കും മരച്ചീനിയുടെ നിയന്ത്രണത്തെ തുടർന്നു് അനുവാദം നിഷേധിച്ചിട്ടുണ്ടു്. ഇങ്ങനെ പല സംഭവങ്ങളും ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിട്ടുള്ള സ്ഥിതിക്കു് ഇങ്ങനെയുള്ള ഫാക്ടറികൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകാൻ ബഹുമാനപ്പെട്ടമന്ത്രി തയ്യാറാകുമോ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇതു് പരിശോധിച്ചു ചെയ്യേണ്ട ഒരു കാര്യമാണു് അതു് ഇപ്പോൾ കുറച്ചു കൂടുതൽ കിട്ടുന്നതുകൊണ്ടാണു് ഈ രീതിയിൽ കൊടുക്കാൻ നിർബന്ധിതമായതു്. പരിശോധിച്ചു് എന്തു ചെയ്യാൻ സാധിക്കുമെന്നു് നോക്കാം.

ശ്രീ. ഇ. അഹമ്മദ്: കൃഷിക്കാർക്കു് വേണ്ടത്ര സംഖ്യ ലഭിക്കുന്നില്ല. അതു കാരണം മരച്ചീനി കെട്ടിക്കിടക്കുകയും നശിച്ചുപോകുകയും ചെയ്യുന്നുണ്ടു്. ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ ഇതുപോലുള്ള ഫാക്ടറികൾക്കു് അനുവാദം കൊടുക്കുന്നതു് ഗുണകരമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സാധാരണ എല്ലാ കാലത്തും നിലനിൽക്കുന്ന ഒരു വസ്തു ആണെങ്കിൽ ഈ പറഞ്ഞതു ശരിയാണു്. ഇതു് ഫ്ലറക്കുറച്ചിൽ ഉണ്ടാകുന്ന സാധനമായതുകൊണ്ടു് സൂക്ഷിച്ചു കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണു് നിയന്ത്രണം വച്ചതു്.

കാർഷിക വായ്പ

*307 (1056) ശ്രീ. ജി. ഗോപിനാഥൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവുംമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ കഴിഞ്ഞ സഹകരണവർഷത്തിൽ കാർഷിക വായ്പകളിലായി എത്ര തുക സഹകരണബാങ്കുകൾ വഴി കൊടുത്തിട്ടുണ്ടു്;

(ബി) അതു മുൻകൊല്ലത്തെ അപേക്ഷിച്ചു് എത്ര കൂടുതലാണു്;

(സി) കാർഷിക വായ്പകൾ കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ കുറച്ചുകൂടി ലഘുകരിക്കുന്നതിനു് ശ്രദ്ധിക്കുമോ ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്):

(എ) 13·15 കോടി രൂപ

(ബി) 1·84 കോടി രൂപ കൂടുതൽ

(സി) കാർഷിക വായ്പ യഥാസമയം കിട്ടുന്നതിനു് ക്രെഡിറ്റു കാർഡു സംപ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണു്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: റിസർവ്വു് ബാങ്കിൽനിന്നും കാർഷിക വായ്പക്കായി കൊടുക്കുന്ന തുക സ്റ്റേറ്റു് ഗവണ്മെൻറു് ജില്ലാ ബാങ്കുകളിലേക്കും പ്രാഥമിക സഹകരണസംഘങ്ങളിലേക്കും വിതരണം ചെയ്യുന്നതുകൊണ്ടു് ഏകദേശം അഞ്ചു ശതമാനം പലിശ കൂട്ടുന്നതുകൊണ്ടു് ഇടത്തട്ടിലുള്ള സ്ഥാപനങ്ങളെ നിരോധിക്കുന്ന കാര്യത്തെക്കുറിച്ചു് ഗവണ്മെൻറു് പര്യാലോചിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: ഈ കാര്യത്തിൽ ബാങ്കുകളൊക്കെ എതിരാണു്. ഇതിനെപ്പറ്റി റിസർവ്വു ബാങ്കുമായി ചർച്ച ചെയ്തുകയുണ്ടായി. ഫലപ്രദമായ നടത്തിപ്പും ശരിയായ വിതരണവും നടക്കണമെങ്കിൽ ഈ തട്ടു് ആവശ്യമാണെന്നാണു് അവർ പറഞ്ഞിട്ടുള്ളതു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞമാതിരി അതു വമ്പിച്ച മാർജിൻ റിസർവ്വുബാങ്കും സ്റ്റേറ്റു്ബാങ്കും എടുക്കുന്നില്ല. റിസർവ്വുബാങ്കു് ഒന്നേമുക്കാൽ ശതമാനവും സ്റ്റേറ്റു്ബാങ്കു് മുക്കാൽ ശതമാനവും മാത്രമാണു് എടുക്കുന്നതു്. അങ്ങനെ ആകെ രണ്ടരശതമാനമേ വരികയുള്ളൂ.

ശ്രീ. ജി. ഗോപിനാഥൻപിള്ള: പഴയ കോപ്പറേറ്റീവു് സൊസൈറ്റിസു് ആക്ടു് നിലവിലിരുന്ന കാലത്തു് തിരുവിതാംകൂർ ഭാഗത്തു് ഷെയർ എടുക്കുന്നതിന്റെ പത്തിരട്ടി വായ്പ കൊടുക്കുന്ന സംപ്രദായമുണ്ടായിരുന്നു. എന്നാൽ ഇന്നാണെങ്കിൽ ഷെയറിന്റെ രണ്ടിരട്ടിയായി കുറച്ചിരിക്കുകയാണു്. അതു പഴയ സ്ഥിതിയിലാക്കാൻ വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: 1:8 എന്ന അനുപാതം നിർത്തിയിട്ടു് അഞ്ചിരട്ടി മാത്രമേ കൊടുക്കാവൂ എന്നും ക്രമമായി അതു ചുരുക്കിക്കൊണ്ടു വരണമെന്നും ഉള്ള നിർദ്ദേശമായിരുന്ന റിസർവ്വുബാങ്കിന്റെ മുന്നിൽനിന്നും ഉണ്ടായിരുന്നതു്. അതു നടപ്പിലാക്കാൻവേണ്ടി സഹകരണസംഘങ്ങളെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സ്ഥിതിയിൽ സഹകരണസംഘങ്ങളുടെ വൈഷ്യമ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് കേന്ദ്രഗവണ്മെൻറിന്റെയും റിസർവ്വു് ബാങ്കു് അധികൃതരുടെയും മുമ്പിൽ നിവേദനം നടത്തുകയും ഒന്നരണ്ടു തവണ ചർച്ച ചെയ്യുകയും ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly